കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം
2000 മാർച്ച് 30, വ്യാഴം

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 26

നിയമസഭ 2000 മാർച്ച് മാസം 30-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ :- ഓർഡർ, ഓർഡർ... ചോദ്യം 679

അൺ എയ്ഡഡ് സ്കൂളുകളിലെ പ്ലസ്ടു കോഴ്സുകൾ

1 (*679) ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകരുടെ വേതനവും വിദ്യാർത്ഥികളുടെ ഫീസ് നിരക്കും സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിക്കാത്ത അൺ എയിഡഡ് സ്കൂളുകളിൽ പ്ലസ്ടു കോഴ്സുകൾ അനുവദിക്കുന്നത് ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള എത്ര സ്ക്കൂളുകൾക്ക് പ്ലസ്ടു കോഴ്സ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി പ്ലസ്ടു കോഴ്സിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള എത്ര സ്കൂളുകൾ ഈ വിഭാഗത്തിൽ വരുമെന്ന് വെളിപ്പെടുത്താമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) സർ,

(എ) ഇങ്ങനെ ഒരു ഉത്തരവ് ഹൈക്കോടതി പുറപ്പെടുവിച്ചതായി പത്രവാർത്തയുണ്ടായിരുന്നു. ഉത്തരവിന്റെ പകർപ്പ് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിലുള്ള സ്കൂളുകളിലൊന്നും പ്ലസ്ടു അനുവദിച്ചിട്ടില്ല.

(സി) 2000-2001 അദ്ധ്യയന വർഷത്തിലേയ്ക്കുള്ള പ്ലസ്ടുവിനുള്ള അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നിട്ടില്ല.

ശ്രീമതി രാധാരാഘവൻ : സർ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷം പ്ലസ്ടു കോഴ്സ് അനുവദിക്കുന്നുണ്ടോ ; എങ്കിൽ പിന്നോക്ക ജില്ലയായ വയനാട് ജില്ലയ്ക്ക് മുൻഗണന നൽകുമോ ?

ശ്രീ. പി. ജെ. ജോസഫ് : അനുവദിക്കുന്നുണ്ട്. വയനാട് ജില്ലയ്ക്ക് മുൻഗണന നൽകുന്നതാണ്.

ശ്രീമതി രാധാരാഘവൻ : നിലവിലുള്ള പ്ലസ്ടു സ്കൂളുകളിൽ പുതിയ വിഷയങ്ങൾ അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : സൗകര്യമുള്ളിടത്ത് കൂടുതൽ ബാച്ചുകൾ അനുവദിയ്ക്കാൻ തീരുമാനമുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ : കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ എത്ര സ്കൂളുകളിലാണ് പ്ലസ്ടു അനുവദിച്ചിട്ടുള്ളത്; അതിൽ അൺ എയ്ഡഡ് സ്കൂളുകൾ എത്ര ; സർക്കാർ സ്കൂളുകൾ എത്ര എന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : 524 സ്കൂളുകളിലാണ് ആകെ പ്ലസ്ടു ഉള്ളത്. ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം നാലു എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കന്ററി അൺ എയ്ഡഡ് ആയി തുടങ്ങാൻ അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ : അൺഎയ്ഡഡ് സ്കൂളുകൾ അനുവദിച്ചപ്പോൾ പിന്നോക്ക വിഭാഗക്കാർ നടത്തുന്ന സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട പ്രാതിനിധ്യം ലഭിച്ചില്ലെന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : അൺ എയ്ഡഡ് സ്കൂളുകൾ ഹൈക്കോടതി ഉത്തരവ് പ്രകാരം മാത്രമേ അനുവദിച്ചിട്ടുള്ളൂ. മറ്റുള്ളതൊന്നും നമ്മൾ അനുവദിച്ചിട്ടില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : നാല് എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കന്ററി അൺ എയ്ഡഡ് ആയി കൊടുത്തുവെന്ന് അങ്ങു പറഞ്ഞു. ഈ നാല് അൺ എയ്ഡഡ് ആയിട്ടുള്ള ഹയർ സെക്കന്ററിക്കാരും അതു എയ്ഡഡ് ആക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അൺ എയ്ഡഡ്, എയ്ഡഡ് ആക്കുക എന്നുള്ളത് ഒരു പോളിസി മാറ്ററാണ്. അവരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നയപരമായി തീരുമാനമെടുക്കേണ്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഇങ്ങനെ ഹൈക്കോടതി വിധി മൂലം ഗവൺമെന്റ് കൊടുത്ത നാലു ഹയർ സെക്കണ്ടറി സ്കൂളുകളിലും എന്താണ് ഫീസിന്റെ മാനദണ്ഡം പറഞ്ഞിരിക്കുന്നത്, അവിടെ അദ്ധ്യാപക നിയമത്തിന് എന്തെങ്കിലും പ്രത്യേക കാര്യങ്ങൾ പറഞ്ഞിട്ടുണ്ടോ; അതോടൊപ്പം ഈ അദ്ധ്യാപകർക്ക് കൊടുക്കേണ്ട വേതനത്തെക്കുറിച്ച് എന്തെങ്കിലും പ്രത്യേക നിബന്ധന ഗവൺമെന്റ് കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. ജെ. ജോസഫ് : അൺ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് പൊതുവായ ഒരു വേതന വ്യവസ്ഥ അവരുമായി ചർച്ച ചെയ്ത് കഴിഞ്ഞ വർഷം അംഗീകരിച്ചു കൊടുത്തിട്ടുണ്ട്. പക്ഷേ അതു ഹൈസ്കൂളുകൾ വരെയുള്ള ക്ലാസ്സുകളെ സംബന്ധിച്ചാണ്. ഇതിന് പ്രത്യേകം നിബന്ധനയൊന്നും കൊടുത്തിട്ടില്ല.

ശ്രീമതി റോസമ്മ ചാക്കോ : സാങ്കേതിക രംഗത്ത് സ്വാശ്രയ കോളേജുകൾ ആരംഭിക്കാൻ നമ്മുടെ ഗവൺമെന്റ് തിടുക്കം കാട്ടുന്നുണ്ട്. സാമ്പത്തികമായി കടുത്ത ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ഈ സമയത്ത് നല്ല അദ്ധ്യയന നിലവാരം പുലർത്തുന്നതും അച്ചടക്കം അഭ്യസിപ്പിക്കുന്നതുമായ അൺ എയ്ഡഡ് സ്കൂളുകൾക്ക് പ്ലസ്ടു അനുവദിക്കാൻ ഗവൺമെന്റ് എന്തുകൊണ്ട് പിന്നോക്കം നിൽക്കുന്നു. മടിച്ചു നിൽക്കുന്നു എന്നു ഗവൺമെന്റ് വ്യക്തമാക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : കൊടുക്കുകയാണെങ്കിൽ അങ്ങനെ നല്ല നിലവാരമുള്ള സ്കൂളുകളിൽ മാത്രമേ കൊടുക്കുകയുള്ളൂ.

ശ്രീമതി റോസമ്മ ചാക്കോ : അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് കാര്യമായ സാലറിയൊന്നും കൊടുക്കുന്നില്ല എന്നുള്ള ആക്ഷേപം പരക്കെയുണ്ട്. അതുകൊണ്ട് അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഗവൺമെന്റ് നിരക്കിലുള്ള ശമ്പളം നൽകുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. ജെ. ജോസഫ് : രണ്ടു കൊല്ലമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ അൺ എയ്ഡഡ് സ്കൂളിലെ മാനേജേഴ്സ് അവിടത്തെ അദ്ധ്യാപക പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, ഒരു സേവന-വേതന വ്യവസ്ഥയ്ക്ക് മന്ത്രിസഭ അംഗീകാരം കൊടുത്ത് ഏതാനും മാസങ്ങൾക്കുമുമ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അത് ആ രംഗത്ത് വളരെയധികം മാറ്റമുണ്ടാക്കുന്ന കാര്യമാണ്.

പ്രൊഫ. എ. വി. താമരാക്ഷൻ : എസ്. എൻ. ട്രസ്റ്റിന്റെ കീഴിലുള്ള ഏറ്റവും പ്രസിദ്ധമായ ഒരു കോളേജാണ് എന്റെ മണ്ഡലത്തിലുള്ള ടി. കെ. മാധവൻ മെമ്മോറിയൽ കോളേജ് ആ കോളേജിൽ ഇപ്പോൾ ഏതാണ്ട് എണ്ണൂറോളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അവിടെ നിന്നും പ്രീഡിഗ്രി ഡീലിങ്കു ചെയ്യുമ്പോൾ ഇതുവരെയായി രണ്ടു സ്കൂളുകളിലാണ് പ്ലസ്ടു അനുവദിച്ചിട്ടുള്ളത്. വലിയ അവഗണനയാണ് ആ മണ്ഡലത്തിനോട് കാണിച്ചിരിക്കുന്നത്. കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാത്ത മണ്ഡലങ്ങളിൽ ഏഴും എട്ടും സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. 800 വിദ്യാർത്ഥികൾ പഠിക്കുന്ന മണ്ഡലത്തിൽ രണ്ടു സ്കൂളുകളിൽ മാത്രമാണ് പ്ലസ്ടു അനുവദിച്ചിട്ടുള്ളത്. ആ മണ്ഡലത്തിലെ ഗവൺമെന്റ് സ്കൂളുകളിലെങ്കിലും പ്ലസ്ടു അനുവദിക്കണം.

ശ്രീ. പി. ജെ. ജോസഫ് : അത് പ്രത്യേകം പരിഗണിക്കുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ചാലക്കുടിയിലെ അൺഎയ്ഡഡായ കാർമ്മൽ ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ് തുടങ്ങുന്നതിന് അനുവാദം നൽകുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഓരോ അപേക്ഷയും പരിശോധിച്ച് മെരിറ്റിന്റെ അടിസ്ഥാനത്തിലാണ് കൊടുക്കുന്നത്.

ശ്രീ. എൻ. അനിരുദ്ധൻ : ഹൈസ്കൂൾ ഇല്ലാത്ത സ്ഥലങ്ങളിൽ പ്ലസ്ടു കോഴ്സ് തുടങ്ങണമെന്നുള്ളിടത്ത് പുതിയതായി ഹൈസ്കൂളുകളനുവദിച്ച് അവിടെ പ്ലസ്ടു കോഴ്സ് തുടങ്ങുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഏതാനും കോളേജ് മാനേജുമെന്റുകൾക്ക് ഹൈസ്കൂളുകൾ ഇല്ലാതിരുന്ന പ്രദേശങ്ങളിൽ ഏതാനും സ്ഥലത്ത് പ്ലസ്ടു കോഴ്സ് തുടങ്ങുന്നതിനുവേണ്ടി ഏരിയ നോട്ടിഫിക്കേഷൻ നടത്തുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. അതിന്മേൽ അടുത്ത് തന്നെ തീരുമാനമെടുക്കുന്നതാണ്.

ശ്രീ. നാലകത്ത് സൂപ്പി : എയ്ഡഡായി ഹയർ സെക്കണ്ടറി കൊടുക്കാൻ ബുദ്ധിമുട്ട് ഉണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. അൺഎയ്ഡഡ് വലിയ വിവാദം നടക്കുകയാണ്. അൺഎയ്ഡഡ് മേഖലയിൽ സ്വകാര്യ മാനേജുമെന്റുകൾക്ക് അൺഎയ്ഡഡായി ഹയർ സെക്കണ്ടറി അനുവദിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? നേരത്തെ ഒരു അംഗം സൂചിപ്പിച്ചതു പോലെ മുൻപ് പ്രീഡിഗ്രി ഡീലിങ്കു ചെയ്തതിന്റെ ഭാഗമായി കോളേജുകളിലും ഹൈസ്കൂളുകൾ ഇല്ലാത്ത കോളേജ് മാനേജുമെന്റുകൾക്ക് അവിടെ എയ്ഡഡ് കൊടുക്കാം. അതിനു സാധിക്കുന്നില്ലെങ്കിൽ അൺഎയ്ഡഡ് എങ്കിലും കൊടുക്കാമോ ? അതിനുള്ള നടപടിയെടുക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : പ്ലസ്ടു സ്കൂളുകൾ കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത് ഏതാനും സ്ഥലങ്ങളിലാണ്. അവിടെ ഏരിയാ നോട്ടിഫിക്കേഷൻ നടന്നിട്ടുണ്ട്. അൺഎയ്ഡഡ് തന്നെ കൊടുക്കും. ഹൈസ്കൂളുകൾ കൊടുക്കുന്നില്ല. എയ്ഡഡ് സ്കൂളുകളിൽ പ്ലസ്ടു കൊടുക്കാൻ ബുദ്ധിമുട്ടാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. എയ്ഡ്സ് സ്കൂളുകൾക്കും ഗവൺമെന്റ് സ്കൂളുകൾക്കും പ്ലസ്ടു കൊടുക്കുക എന്നുള്ള നയമാണ് എടുത്തിട്ടുള്ളത്.

ശ്രീ. സി. എഫ്. തോമസ് : സയൻസിന് സീറ്റുകൾ കുറവുള്ള മണ്ഡലങ്ങളിൽ, പ്ലസ്ടു അനുവദിച്ച പ്രദേശങ്ങളിൽ, പ്രത്യേക പരിഗണന കൊടുത്ത് കൂടുതൽ ബാച്ചുകൾ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : സൗകര്യങ്ങളുള്ള കെട്ടിടങ്ങളുണ്ടായിരിക്കണം. കെട്ടിടവും ലാബ് സൗകര്യങ്ങളുമുള്ള നിലവിലുള്ള പ്ലസ്ടു സ്കൂളുകളിൽ കൂടുതൽ ബാച്ചുകൾ അനുവദിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : എയ്ഡഡ് സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച ചോദ്യമാണ്. ഞാൻ പക്ഷേ അതു മാറി ചോദിക്കുന്നതിൽ ക്ഷമിക്കണം. ആദിവാസി സമൂഹം ജീവിക്കുന്ന മലബാറിലും വയനാട്ടിലും പാലക്കാട്ടിലും ഇടുക്കിയിലും മാത്രമല്ല തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്ത് പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്ത സ്ഥലമാണ്, ബഹുമാനപ്പെട്ട സഭാ നേതാവിന്റെ കൂടി സ്ഥലമാണ്. അവിടെ ഗവൺമെന്റ് സ്കൂളിൽ പ്ലസ്ടു അനുവദിക്കണമെന്ന് പഞ്ചായത്തിന്റെ ഒരു അഭ്യർത്ഥനയുണ്ട്. മലയോര പ്രദേശവും ആദിവാസി മേഖലയുമാണ് എന്ന പരിഗണന വച്ചുകൊണ്ട് ആ പ്രദേശത്ത് പ്ലസ്ടു സ്കൂളുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അതു പ്രത്യേകം പരിഗണിക്കുന്നതാണ്.

ഉൾനാടൻ മത്സ്യമേഖലയിലെ റോഡ് നിർമ്മാണം.

2(*680) ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ മത്സ്യ മേഖലയിൽ ഫിഷറീസ് വകുപ്പ് നൽകുന്ന പണം ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്ന നൂതന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് റോഡ് നിർമ്മിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണത്തിലിരിക്കുന്ന റോഡുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) റോഡു നിർമ്മാണത്തിന്റെ ചുമതല ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) നിർമ്മാണത്തിലിരിക്കുന്ന റോഡുകളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.